**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1991** | **06-07-2022 - ൽ മറുപടിയ്ക്ക്**

**കൊച്ചി മെട്രോ റെയിൽ സ്ഥലമേറ്റെടുപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മഞ്ഞളാംകുഴി അലി** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ രണ്ടാംഘട്ടത്തിനായുള്ള സ്ഥലമേറ്റെടുപ്പ് ആരംഭിച്ചതെന്നാണ്; ആയത് പൂർത്തിയായിട്ടുണ്ടോ; ആകെ എത്ര ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടത്; ഇനി എത്ര ഹെക്ടർ ഏറ്റെടുക്കാൻ ബാക്കിയുണ്ട്; വിശദാംശം നൽകാമോ; | (എ) | 1. ജെ.എൽ.എൻ സ്റ്റേഡിയം മുതൽ കാക്കനാട് ഇൻഫോപാർക്ക് വരെയുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ 2018-ൽ ആരംഭിച്ചിട്ടുള്ളതാണ്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് LARR ACT, 2013 പ്രകാരമുള്ള 19(1) പ്രഖ്യാപനം 15/06/2020-ലെ സ.ഉ.(അച്ചടി) നം.40/2020/റവ (17/06/2020-ലെ 1473-ാം നമ്പർ കേരള അസാധാരണ ഗസറ്റ്) പ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. ഇടപ്പള്ളി സൗത്ത് വില്ലേജിൽ ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. 134 എൽ.എ.സി ഫയലുകളിലായി 00.82.01 ഹെക്ടർ സ്ഥലം ഏറ്റെടുത്ത് മെട്രോയ്ക്ക് കൈമാറി. വാഴക്കാല വില്ലേജിൽ 68 എൽ.എ.സി ഫയലുകളിലായി 00.32.40 ഹെക്ടർ സ്ഥലം ഏറ്റെടുത്ത് മെട്രോയ്ക്ക് കൈമാറി. ബാക്കി 102 ഫയലുകളിലായി 00.67.41 ഹെക്ടർ ഭൂമി ഏറ്റെടുത്ത് കൈമാറാനുണ്ട്. ഏറ്റെടുക്കൽ നടപടികൾ അന്തിമ ഘട്ടത്തിൽ ആണ്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിയ്ക്കുന്നതാണ്.<br><br>ജെ.എൽ.എൻ സ്റ്റേഡിയം മുതൽ കാക്കനാട് ഇൻഫോപാർക്ക് വരെയുള്ള PWD റോഡ് വികസനത്തിന് വേണ്ടി കാക്കനാട് വില്ലേജിൽ നിന്നും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി 10.10.2016 ന് ആരംഭിച്ചു. ഏറ്റെടുപ്പ് നടപടികൾ പൂർത്തിയായിട്ടുള്ളതാണ്. 19.17 ആർസ് ഭൂമിയാണ് ഏറ്റെടുത്തിട്ടുള്ളത്.<br><br>2)ജെ.എൽ.എൻ സ്റ്റേഡിയം മുതൽ പാലാരിവട്ടം ജംഗ്ഷൻ വരെയുള്ള PWD റോഡ് വികസനത്തിന് വേണ്ടി പൂണിത്തുറ വില്ലേജിൽ നിന്നും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി 21.01.2019-ന് ആരംഭിച്ചു. 58.35 ആർസ് ഭൂമി ഏറ്റെടുക്കുന്നതിനുള്ള അർത്ഥന കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് |

| | | | |
|---|---|---|---|
| | | | സമർപ്പിച്ചിട്ടുള്ളതാണ്. ആർ ആന്റ് ആർ പാക്കേജിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതാണ്.<br><br>3) സീപോർട്ട്-എയർപോർട്ട് റോഡ് വികസനത്തിനായി കാക്കനാട് വില്ലേജിൽ നിന്നും സ്ഥലം ഏറ്റെടുപ്പ് നടപടി 20.03.2019ൽ ആരംഭിച്ചിട്ടുള്ളതാണ്. 3.80 ആർസ് സ്ഥലം ഏറ്റെടുക്കുന്നതിന് റിക്വിസിഷൻ ലഭ്യമായിട്ടുള്ളതാണ്. സർവ്വെ നടപടികൾ സ്വീകരിച്ചുവരുന്നതാണ്. |
| (ബി) | ഭൂമി ഏറ്റെടുക്കലിനായി ആകെ എത്ര തുകയാണ് കണക്കാക്കിയിരുന്നത്; ഏറ്റെടുക്കൽ വൈകിയത് മൂലം എത്ര തുകയാണ് അധികമായി വേണ്ടിവരുന്നത്; വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഭൂമി ഏറ്റെടുക്കലിനായി ആകെ കണക്കാക്കിയിട്ടുള്ള 209.80 കോടി രൂപയിൽ 140.80 കോടി രൂപ അനുവദിച്ചിട്ടുള്ളതും ഇനി ആവശ്യമായി വരുന്നത് 69 കോടി രൂപയുമാണ്.<br><br><u>ജെ.എൽ.എൻ സ്റ്റേഡിയം മുതൽ കാക്കനാട് ഇൻഫോപാർക്ക് </u> വരെയുള്ള സ്ഥലമേറ്റെടുക്കൽ നടപടികളിൽ യഥാസമയം ഫണ്ട് കെട്ടിവെയ്ക്കാത്തതു മൂലം സ്ഥലവിലയിൽ 12% അഡീഷണൽ വാല്യൂ നല്കേണ്ടതായി വന്നിട്ടുള്ളതും ആയത് പ്രത്യേകമായി തിട്ടപ്പെടുത്തിയിട്ടില്ലാത്തതുമാണ്. |
| (സി) | മെട്രോ റെയിൽപദ്ധതിയ്ക്ക് സമയബന്ധിതമായി ഭൂമിയേറ്റെടുക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടെങ്കിൽ സംസ്ഥാനത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മറ്റ് റെയിൽ പദ്ധതികൾക്ക് സമയബന്ധിതമായി ഭൂമിയേറ്റെടുക്കാനും നഷ്ടപരിഹാരം വിതരണം ചെയ്യാനും സാധിക്കുമോ; വ്യക്തമാക്കാമോ? | (സി) | ഓരോ പദ്ധതിയ്ക്കും ഭൂമി ഏറ്റെടുക്കുന്നതിന് വ്യത്യസ്തമായ സാഹചര്യമാണുള്ളത്. ആയതിനാൽ മറ്റ് റെയിൽ പദ്ധതികൾക്ക് ഭൂമി ഏറ്റെടുക്കുന്നതിന് കാലതാമസം ഉണ്ടാകുമെന്ന് കരുതേണ്ട സാഹചര്യമില്ല. |

സെക്ഷൻ ഓഫീസർ